ഉത്തരം

തൽക്കാലം നിർവ്വാഹമില്ല.

കോളേജുകളിൽ സംഘടനാ സ്വാതന്ത്ര്യം നിഷേധിക്കുന്ന മാനേജുമെന്റുകൾക്കെതിരെ നടപടി

63 (2922) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ മാനേജുമെന്റ് കോളേജുകളിലെ അദ്ധ്യാപകർക്ക് സംഘടനാ സ്വാതന്ത്ര്യം നിഷേധിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ വെളിപ്പെടുത്തുമോ ;

(സി) സംഘടനാ സ്വാതന്ത്ര്യം നിഷേധിക്കുന്ന മാനേജുമെന്റുകൾക്കെതിരെ കർശന നടപടികൾ കൈക്കൊള്ളുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഉദിക്കുന്നില്ല.

ഗസ്റ്റ് ലക്ചറർമാർക്ക് നൽകുന്ന വേതനം കൂട്ടാൻ നടപടി

64 (2923) ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകളിലും യൂണിവേഴ്സിറ്റി ഡിപ്പാർട്ടുമെന്റുകളിലും പഠിപ്പിക്കുന്ന ഗസ്റ്റ് ലക്ചറർമാർക്ക് നൽകി വരുന്ന പ്രതിമാസ വേതനം എത്ര വീതമാണ് ;

(ബി) ഇതിലും വളരെ കുറഞ്ഞ തുകയാണ് ഇപ്പോഴും ഗവൺമെന്റ് കോളേജുകളിലെ ഗസ്റ്റ് ലക്ചറർമാർക്ക് നൽകുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഗവൺമെന്റ് കോളേജുകളിൽ പഠിപ്പിക്കുന്ന ഗസ്റ്റ് ലക്ചറർമാർക്ക് ഒരു മണിക്കൂർ അദ്ധ്യാപനത്തിന് നൽകുന്ന തുകയും പ്രതിമാസം നൽകാവുന്ന പരമാവധി തുകയും കാലോചിതമായി വർദ്ധിപ്പിക്കുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഹയർ സെക്കന്ററി സ്കൂളുകളിൽ പഠിപ്പിക്കുന്ന ഗസ്റ്റ്, അദ്ധ്യാപകർക്ക് ഒരു പീരിയഡിന് 100 രൂപ നിരക്കിൽ പരമാവധി ഒരു മാസത്തേക്ക് 6000 രൂപ നൽകുന്നുണ്ട്. യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റുകളിൽ പഠിപ്പിക്കുന്ന ഗസ്റ്റ് അദ്ധ്യാപകർക്ക് 250 രൂപ നിരക്കിൽ പരമാവധി 5000 രൂപ വരെ യു.ജി.സി. നിബന്ധന അനുസരിച്ച് നൽകുന്നുണ്ട്.

(ബി) ഗവൺമെന്റ് കോളേജുകളിൽ പഠിപ്പിക്കുന്ന ഗസ്റ്റ് അദ്ധ്യാപകർക്ക് പീരിയഡിന് 100 രൂപ നിരക്കിൽ ഒരു മാസം പരമാവധി 5000 രൂപ വരെ നൽകുന്നുണ്ട്.

(സി) സർക്കാരിന്റെ സാമ്പത്തിക സ്ഥിതി അനുകൂലമല്ലാത്ത സാഹചര്യത്തിൽ കോളേജുകളിൽ പഠിപ്പിക്കുന്ന ഗസ്റ്റ് ലക്ചറർമാരുടെ വേതനം പരിഷ്ക്കരിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കുവാൻ സാധിക്കുകയില്ല.

ഗവൺമെന്റ് കോളേജുകളിലെ ഗസ്റ്റ് ലക്ചറർമാരുടെ വേതനം പുതുക്കുന്നത് സംബന്ധിച്ച്

65 (2924) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് കോളേജുകളിലെ ഗസ്റ്റ് ലക്ചറർമാരുടെ വേതനം പുതുക്കി നിശ്ചയിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനം കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഗസ്റ്റ് ലക്ചറർമാരുടെ ജോലിഭാരവും ക്ലാസ് നടത്തുന്നതിന് പുറമേയുള്ള ടെസ്റ്റ്, പ്രാക്റ്റിക്കൽ, സെമിനാർ എന്നിവ നടത്തേണ്ട ചുമതലയും കണക്കിലെടുത്ത് മണിക്കൂറിൽ 250 രൂപ ക്രമത്തിൽ 10,000 രൂപ പ്രതിമാസ ശമ്പളം നൽകാൻ സ്വീകരിക്കുമോ ;

(സി) ഇത് സംബന്ധിച്ച് ഫോറം ഫോർ കോളേജ് ഗസ്റ്റ് ലക്ചറേഴ്സ് എന്ന സംഘടന സമർപ്പിച്ച നിവേദനത്തിൻമേൽ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്ലസ് ടു ഗസ്റ്റ് അദ്ധ്യാപകർക്ക് പ്രതിമാസം 6,000 രൂപയാണ് നൽകുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ ഉന്നത വിദ്യാഭ്യാസ യോഗ്യതയും യു.ജി.സി. ലക്ചറർഷിപ്പ് യോഗ്യതയും നേടിയിട്ടുള്ള ഗസ്റ്റ് ലക്ചറർമാരുടെ പ്രതിമാസ വേതനം ആനുപാതികമായി പരിഷ്ക്കരിക്കുന്ന കാര്യം അനുഭാവപൂർവം പരിഗണിക്കുമോ ?

ഉത്തരം

(എ) ഇക്കാര്യം ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly